(ബി&സി) ഇടപ്പള്ളി റെയിൽവേ ഓവർബ്രിഡ്ജ് നിർമ്മാണത്തിന് കേന്ദ്ര ഉപരിതല ഗതാഗത മന്ത്രാലയത്തിൽ നിന്നും അനുമതി ലഭിച്ചിട്ടില്ല. അനുമതി ലഭിച്ച ശേഷം പണികൾ ആരംഭിക്കുന്നതാണ്.

പോർട്ട് കണക്ടിവിറ്റി റോഡ് പദ്ധതി

40(1350) ശ്രീ. കെ. മുഹമ്മദാലി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) നിർദ്ദിഷ്ട വല്ലാർപ്പാടം കണ്ടെയ്നർ പദ്ധതിയുമായി ബന്ധപ്പെടുത്തി നിർമ്മിക്കാനുദ്ദേശിക്കുന്ന പോർട്ട് കണക്ടിവിറ്റി റോഡ് പദ്ധതി യാഥാർത്ഥ്യമാക്കുന്നതിനും ഇക്കാര്യം കേന്ദ്ര ഗവൺമെന്റിന്റെ സജീവ പരിഗണനയിൽ കൊണ്ടുവരുന്നതിനും എന്ത് നടപടിയാണ് സംസ്ഥാന സർക്കാർ സ്വീകരിച്ചിട്ടുള്ളത് എന്ന് വ്യക്തമാക്കുമോ ;

(ബി) സർവ്വേ നടപടികളും എസ്റ്റിമേറ്റും പൂർത്തിയാക്കിയിട്ടുള്ള പ്രസ്തുത പദ്ധതിയുടെ അനുമതിക്ക് കാലതാമസം ഉണ്ടാകാതിരിക്കാൻ നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ&ബി) പോർട്ട് കണക്ടിവിറ്റി റോഡ് പദ്ധതിയുടെ പ്രാരംഭപണികൾ നടത്തുന്നത് നാഷണൽ ഹൈവേ അതോറിറ്റി ഓഫ് ഇന്ത്യ (NHAI) ആണ്. ഇക്കാര്യം ത്വരിതപ്പെടുത്തുന്നതിനായി കേന്ദ്ര റോഡ് ട്രാൻസ്പോർട്ട് ആന്റ് ഹൈവേയ്സ് മന്ത്രിക്ക് പ്രത്യേകമായി എഴുതിയിട്ടുണ്ട്.

റെയിൽവേ മേൽപ്പാലങ്ങളുടെ പുനർനിർമ്മാണം

41 (T1351) ശ്രീ. എ. കെ. ബാലൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് കാലപ്പഴക്കംകൊണ്ട് അപകടകരമായ റെയിൽവേ മേൽപ്പാലങ്ങളുടെ പുനർനിർമ്മാണത്തിനുവേണ്ടി സംസ്ഥാന സർക്കാർ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത് ;

(ബി) ഇതിനായി സംസ്ഥാന സർക്കാർ കഴിഞ്ഞ രണ്ട് സാമ്പത്തിക വർഷങ്ങളിൽ എന്ത് തുക ചെലവഴിച്ചിട്ടുണ്ട് ;

(സി) കടലുണ്ടിയിലുണ്ടായ തീവണ്ടി ദുരന്തത്തിന് ഇടയാക്കിയത് റെയിൽവേ ഉദ്യോഗസ്ഥരുടെ വീഴ്ചയാണെന്ന സി.എ.ജി. റിപ്പോർട്ട് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ഡി) കാലപ്പഴക്കമുള്ള റെയിൽവേ മേൽപ്പാലങ്ങൾ പുനർനിർമ്മാണം നടത്തേണ്ടതിന്റെ അടിയന്തിര പ്രാധാന്യം സംസ്ഥാന ഗവൺമെന്റ് റെയിൽവേ വകുപ്പിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ടോ ;

Tമാറ്റിവയ്ക്കപ്പെട്ട ചോദ്യത്തെ സൂചിപ്പിക്കുന്നു

LIBRARY ARCHIVES Kerala Legislative Assembly